**അഹാഡ്സ് അടച്ചുപൂട്ടുന്നതിനെതിരെ ജൂലായ് ഒന്നുമുതൽ അട്ടപ്പാടിയിലും തിരുവനന്തപുരത്തും നടക്കുന്ന സമരം പങ്കാളിത്ത – സുസ്ഥിര വികസന മാതൃകകളെ വികസിപ്പിക്കാൻ വേണ്ടി നടക്കുന്ന ജനമുന്നേറ്റമായി മാറുന്നത് എങ്ങനെയെന്ന് വിവരിക്കുന്നു**

**കെ. രാജൻ**

# സുസ്ഥിര അട്ടപ്പാടിക്ക് വേണ്ടി

**അടുത്തകാലത്ത്** കേരളത്തിലുയർന്നിട്ടുള്ള ബഹുജന സമരങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന മുഖ്യകണ്ണി അവയെല്ലാം യൂറോ കേന്ദ്രിതവും നഗരകേന്ദ്രികൃതവുമായ വകസന മാതൃകയുടെ വിസർജ്യങ്ങൾ നമ്മുടെ മേൽ തള്ളിക്കയറ്റുന്നതിനെതിരെയുള്ള സമരങ്ങളാണ് എന്നതാണ്. വികസനാനന്തരഘട്ടത്തിലേക്കുള്ള ഋതുപ്പകർച്ചയുടെ കാലമാണിത്. ഋതുക്കളോട് വിനയവും പ്രകൃതിയോട് സൗഹൃദവും ഭാവി തലമുറയോട് കരുതലുമുള്ള സുസ്ഥിര വികസനം, പ്രാദേശിക സമൂഹത്തിന് സുസ്ഥിര വികസനത്തിന്റെ തിരക്കഥാ രചയിതാക്കളും നടന്മാരും സംവിധായകരുമാകാൻ കഴിയുന്ന പങ്കാളിത്ത വികസന ജനാധിപത്യം, രാഷ്ട്രീയാധികാര വ്യവസ്ഥയെ തിരിച്ചു വിളിക്കാനും നിയന്ത്രിക്കാനും കഴിയുന്ന പൗരസമൂഹ രൂപീകരണം, പൗരരാകാത്ത ആദിവാസികൾ, ദളിതർ, ലൈംഗിക ന്യൂനപക്ഷങ്ങൾ തുടങ്ങിയവരുടെ ജനാധിപത്യാവകാശങ്ങൾ, പ്രാതിനിധ്യജനാധിപത്യത്തെ പലപ്പോഴും ഫാസിസം തന്നെയാക്കി മാറ്റുന്ന അധികാരകേന്ദ്രീകരണം അവസാനിപ്പിച്ച്, ഓരോരുത്തർക്കും പങ്കാളിത്തവും സ്വയം പ്രതിനിധാനശേഷിയുമുള്ള ക്രമീകരണങ്ങൾ എന്നിവ നമ്മുടെ സാമൂഹ്യഭാവനയുടെ ചക്രവാളത്തിൽ ഉജ്ജ്വല നക്ഷത്രങ്ങളായി തിളങ്ങിനിന്ന് ഭാവിയെ സൃഷ്ടിക്കുന്നതിനായി നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു.

മുത്തങ്ങ, ചെങ്ങറ, കാസർകോട്ടെ എൻഡോസൾഫാൻ വിരുദ്ധ സമരം, പ്ലാച്ചിമട, ലാലൂർ ഞെളിയൻ പറമ്പ്, എരയാംകുടി, അതിരപ്പിള്ളി എന്നീ ജനകീയ സമരങ്ങളെ നമ്മുടെ കാലഘട്ടത്തിൽ സ്വാതന്ത്ര്യസമരങ്ങളാക്കുന്നത് ഇവ രാഷ്ട്രീയാധികാരത്തെയും വികസനത്തെയും ജനാധിപത്യത്തെയുംകുറിച്ച് പുതു ചോദ്യങ്ങളുന്നയിക്കുകയും പുതുഅന്വേഷണങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യാൻ തുടങ്ങിയിട്ടുണ്ട് എന്നതാണ്. ഭരണപക്ഷികളും പ്രതിപക്ഷികളും ഒരേപോലെ വിസർജ്ജ്യവികസനമാതൃകകളുടെ 'ഗുണഭോക്താക്ക' ളാണ് എന്നതുകൊണ്ട് ഈ ജനകീയസമരങ്ങളുടെ മുൻനിരയിൽ ഇല്ല.



**ജനങ്ങൾ ഗുണഭോക്താക്കളല്ലാതെ 'ഗുണപാചകരും' വിളമ്പുകാരും കൂടിയാകുന്നതിന്റെ ജനാധിപത്യവത്കരണം അഹാഡ്സിന്റെ സവിശേഷതയാണ്. ജനകീയാസൂത്രണത്തിൽ പരാജയപ്പെട്ട പങ്കാളിത്ത വികസനവിപ്ലവം ഭാഗികമായെങ്കിലും അഹാഡ്സിലൂടെ വിജയകരമായി**

അട്ടപ്പാടിയിൽ ജൂലൈ 1 മുതൽ ദിവസങ്ങളായി നടന്നുവരുന്ന ജനകീയ സമരം മേൽപ്പറഞ്ഞ ജനകീയസമരങ്ങളുമായി രക്തബന്ധുത്വം പുലർത്തുന്നതാണ്. അഹാഡ്സ് അടച്ചുപൂട്ടുന്നതിനെതിരെ അഹാഡ്സിന്റെ മുമ്പിലും അട്ടപ്പാടി അഹാഡ്സ് ട്രൈബൽ എംപ്ലോയീസ് പീപ്പിൾസ് വെൽഫെയർ സൊസൈറ്റി തിരുവനന്തപുരത്ത് നിയമസഭയുടെ മുമ്പിലും സമരം നടത്തിക്കൊണ്ടിരിക്കുകയാണ്.

## വികസനം വഴിയുള്ള വംശഹത്യ / പ്രകൃതിഹത്യ

അട്ടപ്പാടി 1975-ഓടെ സംയോജിത ഗോത്രവികസനപദ്ധതിയുടെ ഭാഗമായി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ നെഹ്റുവിയൻ ക്ഷേമരാഷ്ട്രത്തിന്റെ ഗോത്രവികസനനയം രൂപപ്പെടുത്തിയ വെരിയർ എൽവിന്റെ പദ്ധതി സംസ്കാരത്തനിമ സംരക്ഷിച്ചുകൊണ്ട് ആദിവാസികളെ ദേശീയ മുഖ്യധാരയിൽ ലയിപ്പിച്ച് വികസിപ്പിക്കുക എന്നതായിരുന്നു. ആദിവാസികളെ 'നാഗരികത'യുടെ ഭാഗമാണ് ITDP (Integrated Tribal Development Project) യുടെ രൂപീകരണം. സർക്കാർ ഇടയന്മാർ നയിച്ച് വികസിപ്പിക്കേണ്ട അവികസിതരായ ഈ കുഞ്ഞാടുകളെ കോൺട്രാക്ടർ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ചേർന്നു നയിച്ചത് നരകത്തിലേക്കും വംശഹത്യയിലേക്കുമാണ്. അട്ടപ്പാടിയുടെ പ്രകൃതിയെ ഈ വികസനമാതൃക നയിച്ചത് മരുവത്കരണത്തിലേക്കാണ്. വികസനത്തിന്റെ പ്രതിനിധാനഘട്ടമെന്നതിനെ വിളിക്കാം.

## സുസ്ഥിരവികസനത്തിന്റെ പങ്കാളിത്ത ഘട്ടത്തിലേക്ക്

എൺപതുകളിൽ ലോകത്തെമ്പാടും ശക്തി പ്രാപിച്ചുവന്ന പരിസ്ഥിതി പ്രസ്ഥാനങ്ങളുടെയും മറ്റ് നവസാമൂഹ്യ പ്രസ്ഥാനങ്ങളുടേയും മുൻകയ്യിൽ വികസനത്തിന്റെ വിമർശനവും ബദൽ പദ്ധതികളും ഉരുത്തിരിഞ്ഞു. ലാറ്റിനമേരിക്കൻ ചിന്തകനായ അർത്തൂറോ എസ്ക്കോബാറിന്റെ വികസന വിമർശനവും വികസനാനന്തര ഘട്ട (Post developmental stage) ത്തെക്കുറിച്ചുള്ള ആലോചനകളും പരിസ്ഥിതിപ്രസ്ഥാനങ്ങളാവിഷ്കരിച്ച പ്രാദേശികവികസനപ്രക്രിയകളും പങ്കാളിത്ത ഗ്രാമപഠനരീതിയും പുതുദിശയിലുള്ള ഇടപെടലുകൾക്ക് രൂപം നൽകി.

അട്ടപ്പാടിയിലെ കൃഷ്ണവനം, മല്ലീശ്വര പ്രോജക്ട് എന്നീ പദ്ധതികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ പരിസ്ഥിതി പ്രവർത്തകനും ഫോറസ്റ്റ് ഉദ്യോഗസ്ഥനുമായ പി.എൻ. ഉണ്ണികൃഷ്ണന്റെ മുൻകയ്യിൽ സർക്കാരിനു സമർപ്പിച്ച പ്രോജക്റ്റിന്റെ പിൽക്കാലാവതാരമാണ് ജപ്പാൻ സഹായത്തോടെയുള്ള അഹാഡ്സ്. അഹാഡ്സിന്റെ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, പരിസ്ഥിതി ബോധന പ്രവർത്തനങ്ങൾ എന്നിവ നടന്നത് ജനകീയ സമിതികളുടെ പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയാണ്. ഓരോ നീർമറി പ്രദേശത്തെയും സൂക്ഷ്മമായി പഠിച്ച് രൂപപ്പെടുത്തിയ സൂക്ഷ്മാസൂത്രണ രേഖ, പങ്കാളിത്തഗ്രാമപഠനരീതി (PRA), നിർവഹണത്തിലെ സുതാര്യതയും പങ്കാളിത്തവും, ആദിവാസികൾക്കും സ്ത്രീകൾക്കും ജനകീയ സമിതികളിൽ കിട്ടിയ പ്രാധാന്യം, ജനങ്ങൾ ഗുണഭോക്താക്കളല്ലാതെ 'ഗുണപാചകരും' വിളമ്പുകാരും കൂടിയാകുന്നതിന്റെ ജനാധിപത്യവത്കരണം എന്നിവ അഹാഡ്സിന്റെ സവിശേഷതകളാണ്. ജനകീയാസൂത്രണത്തിൽ പരാജയപ്പെട്ട പങ്കാളിത്ത വികസനവിപ്ലവം ഭാഗികമായെങ്കിലും അഹാഡ്സിലൂടെ വിജയകരമായി.

## നിങ്ങൾ നിങ്ങളുടെ സോദരന്റെ കാവൽക്കാരനോ കൊലപാതകിയോ?

അഹാഡ്സിന്റെ നിരവധി വീഴ്ചകളോടൊപ്പം തന്നെ അതുണ്ടാക്കിയ പരിവർത്തനവും പൗരസമൂഹത്തെ നിഷ്ക്രിയരായ സ്വീകർത്താക്കളും ഗുണഭോക്താക്കളും എന്ന അവസ്ഥയിൽ നിന്ന് ആത്മാഭിമാനവും സക്രിയതയും ഉള്ള ചലനാത്മകപൗരസമൂഹം എന്ന നിലയിലേക്കുള്ള മാറ്റവും മറ്റു സർക്കാർ ഏജൻസികളെയും കോൺട്രാക്ടർ രാഷ്ട്രീയക്കാരെയും ഫണ്ടഡ് സംഘടനകളെയും അസ്വസ്ഥരാക്കി. ഇവരുടെ ചരടുവലികളുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച തുടർപ്രവർത്തനങ്ങൾ നിർത്തിവെച്ച് അഹാഡ്സിനെ കുഴിച്ചുമൂടാൻ ഈ സർക്കാർ തീരുമാനമെടുത്തു. കഴിഞ്ഞ വർഷം പല ഘട്ടങ്ങളായി അഹാഡ്സ് നിർത്തുമെന്നും ഇല്ലെന്നുമുള്ള പ്രഖ്യാപനങ്ങളുടെ കുഴമറിച്ചിൽ ഘട്ടമായിരുന്നു. വനസംരക്ഷണത്തിനായുള്ള സംയുക്തവനപരിപാലനസംഘം പിരിച്ചുവിട്ടതോടെ കാട്ടുതീ പടർന്നു പല മേഖലകളിലേയും അപൂർവവനസമ്പത്ത്, കൃഷ്ണമണിപോലെ കാത്തുവെച്ചത് കത്തിയെരിഞ്ഞുപോയി.

കേരളത്തിന്റെ വികസനചരിത്രത്തിലെ നിർണ്ണായകവും അപൂർവ്വവുമായ പരിവർത്തനഘട്ടമാണ് അഹാഡ്സിന്റേത്. ജനപങ്കാളിത്തത്തിന്റെയും പങ്കാളിത്തജനാധിപത്യത്തിന്റെയും ഭാവികാലത്തിന്റെ പൊട്ടിപ്പുറപ്പെടൽ അഹാഡ്സിലൂടെയാണ് ഭാഗികമായി സാക്ഷാത്കരിച്ചത്. കേരളത്തിന്റെ ജനാധിപത്യവത്കരണപ്രക്രിയയുടെ ഭാവിയിലേക്കുള്ള പ്രവേശനകവാടം എന്ന നിലയിൽ അഹാഡ്സിന് ചരിത്രത്തിൽ പ്രസക്തിയുണ്ട്.

സർക്കാർ പദ്ധതിയെന്ന നിലയിൽ അഹാഡ്സിന് നിരവധി വീഴ്ചകളുണ്ട് എന്നത് അത് പൗരസമൂഹത്തിലും പ്രകൃതിയിലും ഉണ്ടാക്കിയ ഉയിർത്തെഴുന്നേല്പ്പുകളും പുതുകാഴ്ചകളും മറക്കാൻ നമ്മെ പ്രേരിപ്പിച്ചുകൂടാ. കോൺട്രാക്ടർ രാക്ഷസ്സരുടെ രാഷ്ട്രീയവാഴ്ചക്കെതിരെയുള്ള അട്ടപ്പാടിക്കാരുടെ ചെറുത്തുനില്പ്പുകളെ മൗനംകൊണ്ടു നാം തോൽപ്പിക്കരുത്.

അഗളിയിൽ കൂടിയ അട്ടപ്പാടിയിലെ പൗരസമൂഹവും ജനകീയ സമിതി പ്രവർത്തകരും ചീഫ് സെക്രട്ടറിയുടെ മുന്നിൽ അഹാർഡ്സ് നിലനിർത്താനുള്ള അഭിലാഷം പ്രകടിപ്പിക്കുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടും 2012 ജനുവരി 12ലെ മന്ത്രിസഭാ ഉപസമിതി തീരുമാനവും തള്ളിക്കളയാൻ മാത്രം ശക്തമാണ് അട്ടപ്പാടിയിലെ കോൺട്രാക്ടർ മാഫിയക്കാരായ പ്രദേശിക കോൺഗ്രസ്സ് നേതൃത്വത്തിന്റെ സമ്മർദ്ദം. ജൂലൈ 31 ന് 2000 പേരിലധികം ജനകീയ സമിതികളുടെ റാലിക്ക് അണിനിരന്നത് സമരത്തെ കൂടുതൽ ഉജ്വലമാക്കി. ആദിവാസിസമൂഹം ഇടയന്മാരെ ഉപേക്ഷിച്ച് സ്വയം ഇടയന്മാരാകാനും ഇത് തൊഴിൽ പ്രശ്നം മാത്രമല്ല; നിർവഹണ ഏജൻസിയെന്ന നിലയിൽ അഹാഡ്സിനെ നിലനിർത്തുകയാണ് തങ്ങളുടെ ആവശ്യമെന്ന് ധീരമായി പ്രഖ്യാപിക്കാനും കരുത്തു പ്രകടിപ്പിച്ചു.

## സമരത്തിന്റെ ആവശ്യങ്ങൾ

1. അട്ടപ്പാടിക്കുവേണ്ടി പ്രഖ്യാപിച്ച കാർഷിക പാക്കേജ്, വയനാട്ട് പദ്ധതി, കുറുമ്പ പാക്കേജ് എന്നിവ അഹാഡ്സിലൂടെ നടപ്പിലാക്കും.
2. പങ്കാളിത്ത ഗ്രാമപഠനരീതി, സുതാര്യനിർവഹണ രീതി എന്നിവ അട്ടപ്പാടിയിലെ എല്ലാ സർക്കാർ വികസന ഏജൻസികൾക്കും ബാധകമാക്കുക.
3. അട്ടപ്പാടിയെ പ്രത്യേക താലൂക്കും നിയോജകമണ്ഡലവുമാക്കി ഉദ്യോഗസ്ഥരെയും രാഷ്ട്രീയാധികാരികളെയും തിരിച്ചുവിളിക്കാനും നിയന്ത്രിക്കാനുമുള്ള ജനവികാര വേദികളാക്കി ജനകീയപദ്ധതികളെ മാറ്റുക.
4. അട്ടപ്പാടിയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക അലവൻസ് നൽകുക, പഞ്ചായത്തു പ്രസിഡണ്ടുമാർക്ക് 1000 രൂപയും മെമ്പർ മാർക്ക് 8000 രൂപയും അലവൻസ് അനുവദിക്കുക.
5. ഹോസ്റ്റലുകൾ, ഐ.സി.ഡി.എസ് എന്നിവയ്ക്കാവശ്യമായ പച്ചക്കറി, ദൈനംദിന ആവശ്യവസ്തുക്കൾ എന്നിവ കുടുംബശ്രീ യൂണിറ്റുകൾ വഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്യാൻ സാമൂഹ്യ ക്ഷേമവകുപ്പ്, വ്യവസായ വകുപ്പ്, പട്ടികവർഗ്ഗവകുപ്പ്, കൃഷിവകുപ്പ് എന്നിവ സംയോജിപ്പിച്ച് അഹാഡ്സിന്റെ മുൻകയ്യിൽ വരുമാനദായക സംഘങ്ങൾ രൂപീകരിക്കുക. ജനകീയ സമിതിക്കാരുടെ ക്രയവിക്രയം ഉത്പാദന – വിപണന യൂണിറ്റുകളിലൂടെയാകണം.
6. ഭാവിയിൽ അഹാഡ്സിന്റെ പദ്ധതി നിർവഹണത്തിൽ മാത്രമല്ല; പദ്ധതി ആസൂത്രണത്തിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക.
7. അട്ടപ്പാടിക്ക് ഡിഅഡിക്ഷൻ സെന്റർ കോടതി, നിയമസഹായകേന്ദ്രം എന്നിവ അനുവദിക്കുക.
8. നാട്ടുവൈദ്യം, ആദിവാസിവൈദ്യം, ഹോമിയോപ്പതി, ആയുർവേദം. അലോപ്പതി എന്നീ ചികിത്സാപദ്ധതികൾ ഒരേ കേന്ദ്രത്തിൽ ലഭ്യമാക്കാനും പരസ്പരം പുഷ്ടിപ്പെടുത്താനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള നിർവഹണ ഏജൻസിയായി അഹാഡ്സിനെ ചുമതലപ്പെടുത്തുക.
9. അട്ടപ്പാടിയിൽ ഗോത്രകലാമണ്ഡലം ആരംഭിക്കുക.
10. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി ഒത്തുചേർന്ന് അഹാഡ്സിന്റെ മുൻകയ്യിൽ പഞ്ചായത്തുകളിലെ ജൈവവൈവിധ്യരജിസ്റ്റർ പൂർത്തീകരിച്ച് ജൈവവൈവിധ്യസംരക്ഷണപദ്ധതികളാവിഷ്കരിക്കുക.
11. അട്ടപ്പാടിയിലെ ഭൂമിയുടെ റീസർവ്വേനടത്തി ലാൻഡ് ബാങ്ക് ഉണ്ടാക്കുകയും കർഷകർക്ക് ഭൂമിയും വളപ്പും വിത്തും തൊഴിലുറപ്പുപദ്ധതിപ്രകാരമുള്ള തൊഴിൽദിനങ്ങളും നൽകുക. സ്കൂളുകളിൽ കാർഷികയൂണിറ്റുകൾ വികസിപ്പിക്കുക.
12. അക്കേഷ്യ, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വെട്ടിക്കളഞ്ഞ് പുനർവനവൽക്കരണം നടത്തുക.
13. അട്ടപ്പാടിക്കു പുറത്തേക്കുള്ള കാലിവളം, മരങ്ങൾ, ജൈവവൈവിധ്യവിഭവങ്ങൾ എന്നിവ സാമ്പത്തികമായി കടത്തുന്നത് കർശനമായി തടയുക.
14. വീടുനിർമ്മാണത്തിൽ പരമ്പരാഗത നാട്ടറിവുകൾ ഉൾപ്പെടുത്തുക. മണൽ ഉപഭോഗം കുറക്കുക, വൻ ടെറസ് വീടു കൾക്ക് പഞ്ചായത്തുവഴി നിയന്ത്രണം ഏർപ്പെടുത്തുകയോ അധിക നികുതി ചുമത്തുകയോ ചെയ്യുക.
15. സൗരോർജ്ജപദ്ധതി, കാറ്റാടി, ബയോ ഗ്യാസ് തുടങ്ങിയ ബദൽ – പുതുക്കാവുന്ന ഊർജ്ജപദ്ധതികൾ ജനകീയ സമിതി കളുടെ മുൻകയ്യിൽ ആരംഭിക്കാനുള്ള ധനസഹായം നൽകുക.
16. സ്കൂളുകളിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുക.
17. മതങ്ങളിലെ ഹരിത ആത്മീയതയുടെ ജീവധാരകളെ കണ്ടെത്തുന്ന പഠനങ്ങൾ ക്കായി ഒരു അന്വേഷണകേന്ദ്രം സ്ഥാപിക്കുക, സസ്യാഹാരമദ്യവിമുക്ത ക്രിസ്തുമസ്, സസ്യാഹാര പെരുന്നാൾ എന്നിവ അയൽകൂട്ടങ്ങൾ വഴി നടപ്പിലാക്കുക.

ഈ സമരത്തിന് പിന്തുണനൽകുന്നതിനും സമരത്തിന്റെ ആവശ്യങ്ങൾ സമാനഹൃദയരിലേക്കും അധികാരികളിലേക്കും പകരാനും എല്ലാ ജനാധിപത്യ ശക്തികളും മുന്നോട്ട് വരണമെന്ന് അപേക്ഷിക്കുന്നു.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com